# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3806** **06-08-2021 - ൽ മറുപടിയ്ക്ക്**

## ദേവസ്വം ബോർഡിന്റെ സ്ഥലങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ദേവസ്വം ബോർഡുകളുടെ വെറുതെ കിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി വരുമാനം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (എ) | ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്ത് വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പട്ടാമ്പി പടിഞ്ഞാറേമഠം ദേവസ്വം, ചാവക്കാട് ശ്രീ തൃത്തല്ലൂർ ദേവസ്വം, പട്ടാമ്പി ഓങ്ങല്ലൂർ തളിയിൽ ഗണപതി ക്ഷേത്രം, വളാഞ്ചേരി ശ്രീ തൊഴുവാനൂർ ഭഗവതി ക്ഷേത്രം, പുൽപ്പള്ളി സീതാദേവി ലവകുശ ക്ഷേത്രം, കോഴിക്കോട് കണ്ണഞ്ചേരി മഹാഗണപതി ക്ഷേത്രം, തളിപ്പറമ്പ് പയ്യാവൂർ ശിവക്ഷേത്രം തുടങ്ങിയ എതാനും ചില ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിച്ച് വരുന്നുണ്ട്. കൂടാതെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കണ്ണൂർ ശ്രീ പിള്ളയാർ കോവിൽ ക്ഷേത്രം, കണ്ണൂർ കണ്ണാടിപറമ്പ് ശ്രീധർമ്മശാസ്ത ക്ഷേത്രം, തലശ്ശേരി തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, മാനന്തവാടി വള്ളിയൂർക്കാവ് |

| | | | |
|---|---|---|---|
| | | | ദേവസ്വം എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭൂമിയിൽ മൂന്ന് നിലകളുള്ള സംഗമേശ്വര കോപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിലുള്ള മറ്റ് ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിലും ഇത്തരത്തിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡും, ഗുരുവായൂർ ദേവസ്വവും ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ കെട്ടിട സമുച്ചയം നിർമ്മിച്ച് ഫലപ്രദമായി വിനിയോഗിക്കുന്നത് പരിഗണിക്കാവുന്നതാണ് തിരുവിതാംകൂർ ദേവസ്വം ബോർഡും അറിയിച്ചിട്ടുണ്ട്. |
| (ബി) | തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകളുടെ കീഴിൽ തരിശ് കിടക്കുന്ന ഭൂമി ഏതു രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും എന്നതിന് അതത് ദേവസ്വം ബോർഡുകൾ വിശദമായ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രൊപ്പോസലുകൾ ഒന്നും തന്നെ നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത തരിശ് ഭൂമിയിൽ പാട്ടകൃഷി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം ഭൂമിയിൽ ഉദ്യാനകൃഷി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തരിശ് ഭൂമിയിൽ അനുയോജ്യമായ വിളകൾ ഉൾപ്പെടെ കൃഷി ചെയ്യുന്നതിനായി 'ദേവഹരിതം' എന്ന പേരിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും തരിശ് ഭൂമിയിൽ പാട്ടകൃഷി നടത്തുവാൻ ഉദ്ദേശിക്കുന്നില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ പ്രസ്തുത ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമിയിൽ പാട്ടകൃഷി നടത്തുന്നത് സംബന്ധിച്ചോ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചോ മലബാർ ദേവസ്വം ബോർഡിന് തീരുമാനമെടുക്കുവാൻ കഴിയില്ല. എന്നിരുന്നാലും ബോർഡ് മുൻകൈയെടുത്ത് ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമിയിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിനും നക്ഷത്രവനം ഒരുക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |
| (ഡി) | ദേവസ്വം ബോർഡിനെ സ്വയം പര്യാപ്തമാക്കാൻ | (ഡി) | ദേവസ്വം ബോർഡുകളുടെ നിലവിലെ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ? | | പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ